# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2241 06.02.2019-ൽ മറുപടിക്ക്

## എ.കെ.ജി. സ്മൃതി മ്യൂസിയം

**ചോദ്യം**

ശ്രീ.വി.ടി.ബൽറാം
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. റോജി എം. ജോൺ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കണ്ണൂരിൽ 10 കോടി രൂപ ചെലവിൽ എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ മക്രേരി വില്ലേജിൽ എ.കെ.ജി സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിന് 3.21 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 05.01.2019 ലെ സ.ഉ.(കൈ) നം.1/2019/സാം.കാ.വ. പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത 3.21 ഏക്കർ സ്ഥലത്തിൽ ഉൾപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പരുകളിൽ മാറ്റം വന്നിട്ടുള്ളതിനാൽ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനായുള്ള മ്യൂസിയം മൃഗശാലാവകുപ്പ് ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | | |
| (സി) | പ്രളയ ദുരന്തത്തിന്റെ പശ്ചാത്തല ത്തിൽ എ.കെ.ജി.യുടെ പേരിലുള്ള സ്മൃതി മ്യൂസിയത്തിനായി പത്ത് കോടി രൂപ മുടക്കുന്നത് അദ്ദേഹത്തോടുള്ള അവഹേളനമാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ തൽക്കാലം ഈ പദ്ധതി നിർത്തി വച്ച് പ്രസ്തുത തുക ലൈഫ് പദ്ധതിയ്ക്കായി വിനിയോഗിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ